## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1627

05.12.2014 ലെ
മറുപടിയ്ക്ക്

### സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകൃതമായോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. 2013 ലെ 37ാം നമ്പർ ഓർഡിനൻസ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. 5.6.13ലെ സ.ഉ (അച്ചടി) നം. 163/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അഡ്വ. എം. വീരാൻകുട്ടിയെ ചെയർമാനായും അഡ്വ. വി.വി. ജോഷി, അഡ്വ. കെ.പി മറിയുമ്മ എന്നിവരെ അംഗങ്ങളായും നിയമിച്ചു. |
| (ബി) മാധ്യമങ്ങൾ വഴിയോ അല്ലാതെയോ റിപ്പോർട്ട് ചെയ്യപ്പെട്ട ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന വിഷയത്തിൽ കാര്യമായ ഇടപെൽ നടത്താൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അവയുടെ കൂടുതൽ വിശദാംശങ്ങൾ നൽകാമോ ? | (ബി) | ഉണ്ട്. ആരോഗ്യവകുപ്പിൽ എൻ.സി.എ പ്രകാരം നഴ്സുമാരെ നിയമിക്കുന്ന വിഷയത്തിൽ ഉണ്ടായ കാലതാമസം പരിഹരിക്കുന്നതിനും, കോഴിക്കോട് ജില്ലയിലെ വിവിധ അനാഥാലയങ്ങളിലേക്ക് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കുട്ടികളെ കൊണ്ടുവന്നതുമായി ബന്ധപ്പെട്ട വിഷയത്തിലും, ശിക്ഷാകാലാവധി കഴിഞ്ഞശേഷവും സ്വദേശത്തേക്ക് പോകാൻ കഴിയാത്ത ബംഗ്ലാദേശ് പൗരൻമാരുടെ വിഷയത്തിലും, ആരാധനാലയങ്ങളുടെയും ഖബർസ്ഥാനുകളുടെയും നിർമ്മാണത്തിന് കളക്ടറുടെ എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള നടപടികളിലും മറ്റു നിരവധി വിഷയങ്ങളിലും കമ്മീഷൻ സമയോചിതമായി ഇടപെട്ട് പരിഹാരങ്ങൾ കണ്ടെത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ